09 2024 ഏപ്രിൽ ചൊവ്വ മീനം 27

NAUTICAL TIMES KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com

RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.170 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-170 പേജ് 4. വില 2.00 രൂപ




02 കേന്ദ്ര സർക്കാർ ജോലികളിൽ 50 ശതമാനം സ്ത്രീകൾക്ക് നൽകും: കെ. സി. വേണുഗോപാൽ

03 അരുണാചലിൽ മലയാളികളുടെ മരണം: ബ്ലാക്ക് മാജിക്കിന്റെ കൂടുതൽ തെളിവുകൾ പുറത്ത്

04 കരുവന്നൂർ കേസിൽ വീണ്ടും ഹാജരാകാൻ ഇഡി നിർദേശം

# വിശ്വപൗരൻ ആകാനല്ല തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം : താൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിശ്വപൗരനാകാനോ ഇംഗ്ലീഷ് പറഞ്ഞ് സാധാരണ ജനങ്ങളെ ആശ്ചര്യപ്പെടുത്താനോ അല്ലെന്നും മറിച്ച് ജനങ്ങളുടെ പ്രശ്നങ്ങളും വിഷമങ്ങളും പരമാവധി പരിഹരിച്ച് അവരുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കുകയാണ് ലക്ഷ്യമെന്നും എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ.



'വികസനത്തിന്റെ റിവേഴ്സ് ഗിയറിൽ പിന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന തിരുവനന്തപുരത്തെ ഗിയർ മാറ്റി മുന്നോട്ടു നയിക്കുകയാണ് തന്റെ ദൗത്യം. ഇവിടെ വേണ്ടത് പുരോഗതിയും വികസനവും തൊഴിലും നിക്ഷേപവുമാണ്. ഇത് യാഥാർത്ഥ്യമാക്കാനുള്ള കാര്യങ്ങൾ താൻ സമയബന്ധിതമായി ചെയ്തു കാണിക്കു'മെന്നും അദ്ദേഹം പറഞ്ഞു. സംസ്കൃതി ഭവനിൽ സംഘടിപ്പിച്ച കുടുംബ സംഗമത്തിൽ സംസാരിക്കുകയായിരുന്നു രാജീവ് ചന്ദ്രശേഖർ.

ജനങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കുക എന്ന ലക്ഷ്യവുമായാണ് 18 വർഷം മുമ്പ് താൻ രാഷ്ട്രീയത്തിലിറങ്ങിയത്. കുണ്ടും കുഴിയുമില്ലാത്ത റോഡുകളും ടാപ്പിലൂടെ ലഭിക്കുന്ന ശുദ്ധമായ കുടിവെള്ളവും ഉജ്വൽ യോജന സബ്സിഡിയിൽ ലഭിക്കേണ്ട ഗ്യാസ് കണക് ഷനുകളുമൊന്നും ഇനിയുമെത്താത്ത എത്രയോ വീടുകൾ നമ്മുടെ തിരുവനന്തപുരത്ത് ഇപ്പോഴുമുണ്ട്. മന:സ്സമാധാനത്തോടെ അന്തിയുറങ്ങാൻ കഴിയുന്ന വീടുകളും തീരദേശവാസികളടക്കം തിരുവനന്തപുരത്തെ ജനങ്ങൾ കാലാകാലമായി അനുഭവിച്ചു വരുന്ന നിത്യജീവിത പ്രശ്നങ്ങൾക്ക് എന്നാലാവും വിധം പരിഹാരമുണ്ടാക്കലുമെല്ലാം ഇനിയുമൊരു സ്വപ്നമായി കടലാസിൽ ഒതുങ്ങരുത് . ഇവയെല്ലാം യാഥാർത്ഥ്യമാക്കുകയെന്നത് എന്റെ ഒരു നിയോഗമായിത്തന്നെ ഞാൻ കരുതുന്നു. നരേന്ദ്ര മോദി സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഞാൻ അത് ചെയ്യുക തന്നെ ചെയ്യും, രാജീവ് വ്യക്തമാക്കി.

## വികസനത്തിന്റെ റിവേഴ്സ് ഗിയറിൽ പോകുന്ന തിരുവനന്തപുരത്തെ മുന്നോട്ടു നയിക്കുകയാണ് ലക്ഷ്യം ഞാനത് ചെയ്യും

തീർത്തും അനാവശ്യമായ വിഷയങ്ങളും നുണകളും പറഞ്ഞ് വികസന പ്രവർത്തനങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധതിരിച്ചി വിടുകയാണ് ഇടത് വലത് സർക്കാരുകൾ കാലാകാലമായി കേരളത്തിൽ ചെയ്തു വരുന്നത്. അതിന്റെ പരണിത ഫലമാണ് ഇന്നത്തെ തിരുവനന്തപുരം നേരിടുന്ന ദുരവസ്ഥ. ഇവിടെ പരമാവധി നിക്ഷേപങ്ങളും ഒട്ടേറെ വികസന പദ്ധതികളും കൊണ്ടു വന്ന് ഒരു മാറ്റമുണ്ടാക്കാനുള്ള നിയോഗവുമായാണ് ഞാൻ ഇറങ്ങിയിരിക്കുന്നത്. കാര്യങ്ങൾ ചെയ്തു കാണിക്കുന്ന രാഷ്ട്രീയമാണ് എന്റേത്. പുരാഗതി, വികസനം, തൊഴിലവസരങ്ങൾ, നിക്ഷേപം എന്നിവയാണ് കാലഘട്ടത്തിന്റെ ആവശ്യം. ഇതിനെ കുറിച്ച് എനിക്ക് വ്യക്തമായ കാഴ്ച്ചപാടുണ്ട്. അത് നടപ്പിലാക്കി കാണിക്കുകയാണ് എന്റെ ദൗത്യം.

ഒരു വ്യോമസേനാ ഓഫീസറുടെ മകനെന്ന നിലയിൽ എന്റെ പ്രഥമ പരിഗണന രാഷ്ട്രസേവനത്തിനാണ്. മരണം വരെ ഇന്ത്യയുടെ അഭിമാനം കാക്കാൻ വേണ്ടി കാര്യങ്ങൾ ചെയ്യും അദ്ദേഹം പറഞ്ഞു.

## വോട്ടിംഗ് മെഷീൻ ഹാക്ക് ചെയ്യാനാകുമെന്ന തരത്തിൽ വീഡിയോ; ഒരാൾ അറസ്റ്റിൽ

കൊച്ചി: ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (ഇവിഎം) ഹാക്ക് ചെയ്യാനാകുമെന്ന തരത്തിലുള്ള വീഡിയോ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവത്തിൽ ഒരാൾ അറസ്റ്റിൽ. വെണ്ണല സ്വദേശി ഷാജി കുര്യനെയാണ് പാലാരിവട്ടം പോലീസ് അറസ്റ്റ് ചെയ്തത്.

കൂട്ടാളി പാലാരിവട്ടം സ്വദേശി ഷൈജു ആൻറണിയെ കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണം ആരംഭിച്ചു. ഒരു ഐടി വിദഗ്ധൻറെ ഹാക്കിംഗ് വീഡിയോ ഒരു ഓൺലൈൻ യൂട്യൂബ് ചാനൽ വാർത്തയാക്കിയിരുന്നു. ഇതിൽ നിന്നുള്ള ദൃശ്യം ഇവർ പ്രചരിപ്പിച്ചെന്നാണ് കേസ്.

ഇവർ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച വീഡിയോ സൈബർ ഡോമിൻറെ ശ്രദ്ധയിൽപ്പെടുകയും വിവരം കൊച്ചി സിറ്റി പോലീസിന് കൈമാറുകയായിരുന്നു. സംഭവത്തിൽ കൂടുതൽപ്പേർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും പോലീസ് പരിശോധിക്കും.

## 'വിട്ടുവീഴ്ചക്കില്ല'

'ശശി തരൂർ രേഖാമൂലം നിരുപാധികം ക്ഷമാപണം നടത്തിയില്ലെങ്കിൽ നിയമ നടപടികളുമായി മുന്നോട്ട്': രാജീവ് ചന്ദ്രശേഖർ.

തിരുവനന്തപുരം: പണം നൽകി വോട്ട് തേടിയെന്ന് തനിക്കെതിരെ അടിസ്ഥാനരഹിതവും അപകീർത്തികരവുമായ പ്രസ്താവന നടത്തിയതിന് തിരുവനന്തപുരത്തെ കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂരിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോകാനുള്ള തീരുമാനത്തിലുറച്ച് എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ. പ്രസ്താവന നിരുപാധികം പിൻവലിച്ച് രേഖാമൂലം ക്ഷമാപണം നടത്തിയില്ലെങ്കിൽ കടുത്ത നിയമ നടപടികളിലേക്ക് നീങ്ങുമെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

പാർലമെന്റ് അംഗമെന്ന നിലയിൽ കഴിഞ്ഞ 18 വർഷവും കളങ്കരഹിതമായ പ്രതിച്ഛായ കാത്ത് സൂക്ഷിക്കുന്ന പൊതുപ്രവർത്തകനാണ് താൻ. എന്നാൽ തന്നെ മാത്രമല്ല സാമൂഹിക മത സംഘടനകളെക്കൂടി അപമാനിക്കുക എന്ന ലക്ഷ്യം വെച്ച് കൊണ്ട് ശശി തരൂർ അടിസ്ഥാനരഹിതമായ ആരോപണമുന്നയിച്ചത്. ഇതിന്റെ പശ്ചാത്തലത്തിൽ രാജീവ് ചന്ദ്രശേഖർ ഉന്നയിച്ച മൂന്നു ചോദ്യങ്ങൾക്ക് തരൂരിന് മറുപടി പറയാൻ കഴിഞ്ഞിട്ടില്ല.

ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ശശി തരൂർ നൽകണം. അല്ലാത്ത പക്ഷം, നിയമനടപടികളുമായി മുന്നോട്ട് പോകുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

**രാജീവ് ചന്ദ്രശേഖർ ഉന്നയിച്ച ചോദ്യങ്ങൾ:**

1. എന്നിൽ നിന്ന് പണം കൈപ്പറ്റിയതായി താങ്കൾ (ശശിതരൂർ) പറയുന്ന സാമൂഹികമത സംഘടനകളുടെ നേതാക്കൾ ആരാണ്? സമൂഹത്തില മാന്യരായ വ്യക്തികളുടെ സൽപ്പേരിന് കളങ്കം വരുത്താൻ നിങ്ങൾ അവരെത്തന്നെ കരുവാക്കിയതെന്തിന്?

2. താങ്കളുടെ 15 വർഷത്തെ രാഷ്ട്രീയ ജീവിതത്തിൽ, നിങ്ങൾ എപ്പോഴെങ്കിലും സമാന നിർദ്ദേശങ്ങളുമായി ഈ നേതാക്കളെ സമീപിച്ചിട്ടുണ്ടോ, അതോ അവരിൽ നിന്ന് അത്തരം വില കുറഞ്ഞ അഭ്യർത്ഥനകൾ താങ്കൾക്ക് ഇതിനു മുൻപ് ലഭിച്ചിട്ടുണ്ടോ?

3. തെറ്റായ വിവരങ്ങളുടെയും കള്ളത്തരങ്ങളുടെയും ഈ രാഷ്ട്രീയം അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറാണോ?

ഈ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉടൻ പിൻവലിക്കണമെന്നും തന്നോടും ഈ ബഹുമാന്യരായ വ്യക്തികളോടും നിരുപാധികം മാപ്പ് പറയണമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. അതിനു ശേഷം തിരുവനന്തപുരത്തിന്റെ സമഗ്ര വികസനത്തിനായി ക്രിയാത്മകമായ സംവാദത്തിൽ ഏർപ്പെടാം.

പണം നൽകി വോട്ട് തേടിയെന്ന ആരോപണത്തിന് ശശി തരൂർ വ്യക്തമായ മറുപടി നൽകിയേ മതിയാകൂ. തിരുവനന്തപുരത്തെ സാമുദായിക സംഘടനാ നേതാക്കളെ മാത്രമല്ല, മണ്ഡലത്തിലെ വോട്ടർമാരെക്കൂടി അപമാനിക്കുകയാണ് തരൂർ ചെയ്തത്. ഇത്തരമൊരു പച്ചക്കള്ളംഉന്നയിക്കുന്നതിനു മുന്നേ തന്നെ അതിന്റെ ഭവിഷ്യത്ത് എന്താകുമെന്ന് ശശി തരൂർ ഓർക്കണമായിരുന്നു എന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഞാൻ ആർക്കാണ് പണം നൽകി വോട്ട് തേടിയതെന്ന് വിശ്വപൗരനായി സ്വയം വിശേഷിപ്പിക്കുന്ന എംപി ഇനിയെങ്കിലും വ്യക്തമാക്കണം. വിവിധ സാമൂഹിക നേതാക്കളുടെ വിശ്വാസ്യതയെക്കൂടി ബാധിക്കുന്ന വിഷയമായതിനാലാണ് ഇക്കാര്യത്തിൽ ശശി തരൂരിനോട് കാര്യങ്ങൾ പരസ്യമാക്കാൻ ആവശ്യപ്പെടുന്നതെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

## ജമ്മുകാഷ്മീരിലും ലഡാക്കിലും കോൺഗ്രസ് നാഷണൽ കോൺഫറൻസ് സഖ്യം

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ ജമ്മുകാഷ്മീരിലും ലഡാക്കിലും കോൺഗ്രസ് നാഷണൽ കോൺഫറൻസ് സഖ്യമായി മത്സരിക്കും. മൂന്നു സീറ്റിൽ കോൺഗ്രസ് സ്ഥാനാർഥികളാണ് മത്സരിക്കുക. മൂന്നു സീറ്റിൽ നാഷണൽ കോൺഫറൻസ് സ്ഥാനാർഥികളും മത്സരിക്കും .

ഉധംപൂർ, ജമ്മു, ലഡാക്ക് എന്നീ സീറ്റുകളിൽ കോൺഗ്രസ് മത്സരിക്കാൻ ധാരണയായി. അനന്തനാഗ്, ബാരമുള്ള, ശ്രീനഗർ സീറ്റുകളിൽ നാഷണൽ കോൺഫറൻസ് പാർട്ടിയും മത്സരിക്കും.

പിഡിപി ഇൻഡ്യ സഖ്യത്തിൻറെ ഭാഗമാണ്. മൂന്ന് സിറ്റിംഗ് എംപിമാരുള്ളത് തുടരട്ടെയെന്ന് തീരുമാനിക്കുകയായിരുന്നു. അതുകൊണ്ടാണ് അവർക്ക് സീറ്റ് നൽകാൻ കഴിയാത്തതെന്നും കോൺഗ്രസ് നേതാവ് സൽമാൻ ഖുർഷിദ് പറഞ്ഞു.

### ഡോ. എൻ രാജത്തിന്റെ പിറന്നാൾ ഏപ്രിൽ മാസത്തിലെ എട്ടാം നാളാണ്

## പാടുന്ന വയലിൻ.......

**മോഹൻശ്രീശൈലം**

കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ഏറ്റവും ഉയർന്ന അംഗീകാരമായ ഫെലോഷിപ്പിന് (അക്കാദമി രത്ന) അർഹയായ പ്രമുഖ ഹിന്ദുസ്ഥാനി വയലിൻ കലാകാരിയാണ് ഡോ. എൻ രാജം (ജനനം : 1938). 'പാടുന്ന വയലിൻ' എന്ന് അറിയപ്പെടുന്ന രാജം ഹിന്ദുസ്ഥാനി സംഗീതത്തിനു നൽകിയ സംഭാവന പരിഗണിച്ചാണ് അക്കാദമി രത്ന പുരസ്കാരം നൽകിയത്. പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.



ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതം അവതരിപ്പിക്കുന്ന ഒരു ഇന്ത്യൻ വയലിനിസ്റ്റാണ് എൻ. രാജം (ജനനം 8 ഏപ്രിൽ 1938) . ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ സംഗീത പ്രൊഫസറായി തുടർന്നു , ഒടുവിൽ ഡിപ്പാർട്ട്മെന്റ് മേധാവിയും യൂണിവേഴ്സിറ്റിയിലെ പെർഫോമിംഗ് ആർട്സ് ഫാക്കൽറ്റി ഡീനുമായി.

1938ൽ ചെന്നൈയിൽ ഒരു സംഗീത കുടുംബത്തിലാണ് എൻ രാജം ജനിച്ചത്. അവളുടെ പിതാവ് വിദ്വാൻ എ. നാരായണ അയ്യർ കർണാടക സംഗീതത്തിലെ അറിയപ്പെടുന്ന ഒരു വക്താവായിരുന്നു . അവളുടെ സഹോദരൻ ടി എൻ കൃഷ്ണൻ കർണാടക ശൈലിയിലെ ഒരു പ്രമുഖ വയലിനിസ്റ്റായിരുന്നു. പിതാവിന്റെ കീഴിലാണ് രാജം കർണാടക സംഗീതത്തിൽ പ്രാഥമിക പരിശീലനം ആരംഭിച്ചത്. മുസിരി സുബ്രഹ്മണ്യ അയ്യരുടെ കീഴിൽ പരിശീലനം നേടിയ അവർ ഓംകാർനാഥ് ഠാക്കൂറിൽ നിന്ന് രാഗവികാസങ്ങൾ പഠിച്ചു .

രാജം ഇന്ത്യാ ഗവൺമെന്റിൽ നിന്ന് പത്മശ്രീ , പത്മഭൂഷൺ എന്നീ ഉന്നത പദവികൾ നേടി .

ചാർട്ടേഡ് അക്കൗണ്ടന്റും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മുൻ എക്സിക്യൂട്ടീവുമായ ടി.എസ്.സുബ്രഹ്മണ്യനെയാണ് എൻ.രാജം വിവാഹം കഴിച്ചത് . അവളുടെ അമ്മായിയമ്മ, സാമൂഹ്യ പ്രവർത്തകയും കർണാടക സംഗീത ഗായികയുമായ ശ്രീമതി പദ്മ സ്വാമിനാഥൻ , എഎ നടേശ അയ്യരുടെ ജീവിച്ചിരിക്കുന്ന അവസാനത്തെ മകളായിരുന്നു .

അവളുടെ പിതാവ് എ. നാരായണ അയ്യരുടെ മാർഗനിർദേശപ്രകാരം രാജം ഗായകി ആങ് (സ്വര ശൈലി) വികസിപ്പിച്ചെടുത്തു. ലോകമെമ്പാടും ഇന്ത്യയിലുടനീളമുള്ള നിരവധി സ്ഥലങ്ങളിൽ രാജം അവതരിപ്പിച്ചിട്ടുണ്ട്.

ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ (ബിഎച്ച്യു) 40 വർഷത്തോളം പെർഫോമിംഗ് ആർട്സ് ഫാക്കൽറ്റിയിൽ സംഗീത പ്രൊഫസറായിരുന്നു രാജം . ബിഎച്ച്യുവിലെ ഡിപ്പാർട്ട്മെന്റിന്റെ ചെയർമാനായും കോളേജിന്റെ ഡീനായും പ്രവർത്തിച്ചിട്ടുണ്ട്. മകൾ സംഗീത ശങ്കർ , കൊച്ചുമകളായ രാഗിണി ശങ്കർ , നന്ദിനി ശങ്കർ , അവളുടെ മരുമകൾ കലാ രാംനാഥ് , പ്രണവ് കുമാർ, പ്രൊഫ. വി. ബാലാജി (ബിഎച്ച്യു), ഡോ. സത്യപ്രകാശ് മൊഹന്തി എന്നിവരെ അവർ പരിശീലിപ്പിച്ചു.

അവാർഡുകൾ

തിരുത്തുക , സംഗീത നാടക അക്കാദമി അവാർഡ് , 1990 പത്മശ്രീ , 1984 പത്മഭൂഷൺ , 2004 പുട്ടരാജ സമ്മാന, 2004 പൂനെ പണ്ഡിറ്റ് അവാർഡ്, 2010, ദി ആർട്ട് & മ്യൂസിക് ഫൗണ്ടേഷൻ, പൂനെ, ഇന്ത്യ

2012: സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് (അക്കാദമി രത്ന). 2018: താനാ റിരി അവാർഡ്

# ഒരു കിലോ മാലിന്യം നീക്കം ചെയ്യാൻ അഞ്ചു രൂപ: അമിതനിരക്കെന്ന് ഹോട്ടലുടമകൾ; മേയർക്ക് നിവേദനം നൽകി

തിരുവനന്തപുരം: ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും ഒരു കിലോ മാലിന്യം നീക്കം ചെയ്യാൻ അഞ്ചു രൂപ നല്കണമെന്ന നിർദേശവുമായി തിരുവനന്തപുരം കോർപ്പറേഷൻ. എന്നാൽ ഇത്തരത്തിലൊരു നിരക്ക് തങ്ങളെക്കൊണ്ടു താങ്ങാൻ കഴിയുകയില്ലെന്ന പരാതിയുമായി കേരളാ ഹോട്ടൽ ആൻഡ് റെസ്റ്റോറൻറ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി.

നിലവിലുണ്ടായിരുന്ന രീതിയിലുള്ള മാലിന്യ സംഭരണം നിർത്തലാക്കിയെന്നും പുതുതായ രീതിയിൽ കിലോഗ്രാമിന് അഞ്ചു രൂപ വീതം നല്കണമെന്ന നിർദേശമാണ് ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥാപനങ്ങളെ അറിയിച്ചിട്ടുള്ളതെന്നാണ് ഇവർ പറയുന്നത്.

മുൻകാലത്ത് മാലിന്യം സംഭരിച്ച രീതിയിൽ തന്നെ സംഭരണം നടത്തണമെന്നാവശ്യപ്പെട്ട് ഹോട്ടൽ ആൻഡ് റെസ്റ്റോറൻറ് അസോസിയേഷൻ ഭാരവാഹികൾ മേയർ ആര്യാ രാജേന്ദ്രനെ സന്ദർശിച്ച് പരാതിയും നല്കി.

കോവിഡ് മഹാമാരിക്കു ശേഷം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനിടെ ഇത്തരത്തിൽ മാലിന്യസംഭരണത്തിനായി വൻ തുക നല്കേണ്ടി വന്നാൽ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ അത് പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപവുമുണ്ട്.

പഴയരീതിയിൽ തന്നെ മാലിന്യം സംഭരിക്കുന്നതിനു ക്രമീകരണം ഒരുക്കണമെന്നാവശ്യപ്പെട്ട് ഹോട്ടൽ ആൻഡ് റെസ്റ്റോറൻറ് മാനേജ്മെൻറ് അസോസിയേഷൻ ജില്ലാ പ്രസിഡൻറ് ബി. മധുസൂദനൻ നായർ, സെക്രട്ടറി പി. എസ്. സജീവ് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് മേയർക്ക് നിവേദനം നല്കിയത്.

# സംസ്ഥാനത്ത് ചൂട് കൂടുന്നു; പാലക്കാട്ട് 41 ഡിഗ്രിക്ക് മുകളിൽ, 12 ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇടവിട്ട് വേനൽമഴ പെയ്തിട്ടും ചൂടിന് കാര്യമായ ശമനമില്ല. വെള്ളിയാഴ്ച വരെ 12 ജില്ലകളിലാണ് ഇന്ന് ഉയർന്ന താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്.

ഒന്നാംഘട്ട അലർട്ടായ യെല്ലോ അലർട്ടാണ് ഇവിടങ്ങളിൽ പുറപ്പെടുവിച്ചിരിക്കുന്നത്.

പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും കണ്ണൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, മലപ്പുറം, കാസർകോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാനാണ് സാധ്യത. സാധാരണയേക്കാൾ രണ്ടു മുതൽ നാലു ഡിഗ്രി വരെ അധിക ചൂടിന് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. കഴിഞ്ഞ ദിവസങ്ങളിലും ഇത്തരത്തിൽ താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ഇതിനു പിന്നാലെ ആരോഗ്യവകുപ്പ് അടക്കം ചില മാർഗനിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. സൂര്യാഘാതത്തിനുള്ള സാധ്യത കൂടുതലായതിനാൽ പകൽസമയങ്ങളിൽ 11 മുതൽ മൂന്നുവരെ പുറത്തു കഴിയുന്നത് കഴിവതും ഒഴിവാക്കണമെന്നും നിർദേശം നല്കിയിരുന്നു. സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ നിരവധി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. അതുകൊണ്ട് പൊതുജനങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണെന്ന് ദുരന്ത നിവാരണ അഥോറിറ്റി അറിയിച്ചു.

# അരുണാചലിൽ മലയാളികളുടെ മരണം: ബ്ലാക്ക് മാജിക്കിൻറെ കൂടുതൽ തെളിവുകൾ പുറത്ത്

തിരുവനന്തപുരം: അരുണാചലിൽ മലയാളികളായ ദന്പതികളും സുഹൃത്തും മരിച്ച സംഭവത്തിൽ ഇവർക്ക് ബ്ലാക്ക് മാജിക്കുമായി ബന്ധമുണ്ടായിരുന്നതിൻറെ കൂടുതൽ തെളിവുകൾ പുറത്ത്. മരിച്ച നവീൻറെ കാറിൽ നിന്നും പോലീസ് പ്രത്യേകതരത്തിലുള്ള കല്ലുകളും ചിത്രങ്ങളും കണ്ടെടുത്തു.

മരിച്ചവരുടെ പക്കൽ നിന്നു കണ്ടെത്തിയ ഇമെയിലിൽ സൂചിപ്പിട്ടുള്ള കല്ലുകളാണ് ഇവയെന്നാണ് പോലീസ് കരുതുന്നത്. ദന്പതികളുടെ സുഹൃത്തായ ആര്യയ്ക്കു വന്ന മെയിലിൽ ഈ കല്ലുകളെക്കുറിച്ചു പറയുന്നുണ്ട്. ഡോൺ ബോസ്കോ എന്ന ഐഡിയിൽ നിന്നാണ് ആര്യയ്ക്കു സന്ദേശങ്ങൾ വന്നിരുന്നത്.

അരുണാചലിലേക്കുള്ള യാത്രയ്ക്കു കൂടുതൽ പണം ആവശ്യമായി വന്നപ്പോൾ ആര്യയുടെ ആഭരണങ്ങൾ വിറ്റതായും പോലീസ് പറയുന്നു. വടക്കുകിഴക്കൻ സ്ഥാനങ്ങളിലെ ഉൾനാടൻ ഗ്രാമങ്ങളെക്കുറിച്ച് നന്നായി അറിയാമായിരുന്ന ആളാണ് നവീനെന്നു പോലീസ് കണ്ടെത്തി. അതുകൊണ്ടു തന്നെ സംഭവത്തിൻറെ മുഖ്യ സൂത്രധാരൻ നവീനാണെന്നാണ് പോലീസിൻറെ നിഗമനം.

മരണത്തിനു പിന്നിൽ നാലാമതൊരാളുടെ സാന്നിധ്യം നിലവിലെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലെന്നാണ് സിറ്റി പോലീസ് കമ്മീഷ്ണർ സി. എച്ച് നാഗരാജു പറയുന്നത്. ആര്യയെയും ദേവിയെയും വിചിത്ര വിശ്വാസത്തിലേക്കു നയിച്ചതും അന്യഗ്രഹജീവിതം സാധ്യമാകുമെന്നു വിശ്വസിപ്പിച്ചതും നവീനാണെന്ന നിഗമനത്തിലാണ് പോലീസ്.

ദേവിയുമായുള്ള വിവാഹത്തിനു മുൻപേ നവീൻ ഇത്തരം ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നതായണ് പോലീസ് കണ്ടെത്തൽ. കേസിൽ മറ്റാരുടെയെങ്കിലും ഇടപെടൽ ഉണ്ടോ എന്നും പോലീസ് പരിശോധിക്കുന്നുണ്ട്. ഡോൺ ബോസ്കോ എന്ന മെയിൽ ഐഡി മരണപ്പെട്ട നവീൻറെയോ ദേവിയുടെയോ വ്യാജ ഐഡി ആവമെന്നാണ് പോലീസ് സംശയിക്കുന്നത്. അന്യഗ്രഹ ജീവിതത്തെക്കുറിച്ചുള്ള വിവരങ്ങൾ ആര്യയുടെ ലാപ്ടോപ്പ പരിശോധനയിൽ പോലീസ് കണ്ടെത്തി.

കഴിഞ്ഞ വർഷം മാർച്ചിലും നവീനും ദേവിയും അരുണാചലിൽ പോയിട്ടുണ്ടെന്നു പോലീസ് പറയുന്നു. ദന്പതികളായ കോട്ടയം മീനടം സ്വദേശി നവീൻ തോമസ്, വട്ടിയൂർക്കാവ് മൂന്നാം മൂട് സ്വദേശിനി ദേവി, ഇവരുടെ സഹൃത്തും വട്ടിയൂർക്കാവ് മേലത്തുമേലെ സ്വദേശിനിയായ ആര്യയുമാണ് അരുണാചലിലെ ഹോട്ടൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

# അപകടം നടന്നിട്ട് ദിവസങ്ങൾ: തകർന്ന ഓട്ടോറിക്ഷ റോഡിൽതന്നെ

പേരൂർക്കട: അപകടത്തിൽ തകർന്ന ഓട്ടോറിക്ഷ രണ്ടാഴ്ചയായി റോഡിൽ കിടക്കുന്നത് വാഹനയാത്രികർക്കു ഭീഷണിയും കാൽനടയാത്രികർക്കു ബുദ്ധിമുട്ടും സൃഷ്ടിക്കുന്നതായി നാട്ടുകാർ. മ്യൂസിയം സ്റ്റേഷൻ പരിധിയിൽ മരുതംകുഴി പുതിയ പാലം തുടങ്ങുന്നതിനു സമീപമാണ് ഓട്ടോറിക്ഷ കിടക്കുന്നത്.

മറ്റൊരു വാഹനത്തിൽ ഇടിച്ചതിനെത്തുടർന്നാണ് ഓട്ടോറിക്ഷ പൂർണമായും തകർന്ന നിലയിലാണ്. അപകടത്തിൽ ഓട്ടോഡ്രൈവർക്കു സാരമായി പരിക്കേറ്റിരുന്നു. അപകടമുണ്ടായി രണ്ടാഴ്ചയായിട്ടും റോഡിൽ നിന്നു ഓട്ടോ മാറ്റിയിട്ടില്ല. മരുതംകുഴി പാലത്തിലേക്കു കയറുന്ന ഭാഗത്ത് റോഡിനും നടപാതയ്ക്കും വീതിക്കുറവാണ്.

റോഡിലേക്ക് തള്ളിയാണ് ഓട്ടോറിക്ഷ ഇട്ടിരിക്കുന്നത്. ഒൺവേയിലേക്കു പോകുന്ന വാഹനങ്ങൾ ഓട്ടോറിക്ഷയിൽ ഇടിക്കാനുള്ള സാധ!്യത കൂടുതലാണ്. നടപാത അപഹരിച്ച് വാഹനം കിടക്കുന്നതിനാൽ കാൽനടയാത്രക്കാർ റോഡിലേക്ക് കയറി നടക്കാൻ സാധ!്യതയുള്ളത് അപകടമുണ്ടാക്കും. നഗരപരിധിയിൽ അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ അതതു പരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിലേക്ക് മാറ്റണമെന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പോലീസ് കാണിക്കുന്ന നിസംഗതയാണ് ഇപ്പോഴത്തെ പ്രശ്നത്തിനു കാരണം. മാത്രമല്ല, റോഡുവക്കിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്ന വാഹനങ്ങളിൽ നിന്ന് ബാറ്ററിയും മറ്റു ഭാഗങ്ങളും പൊളിച്ചുമാറ്റുന്ന സംഘവും പ്രദേശത്ത് വ്യാപകമായിട്ടുണ്ട്.

ഇത്തരം നിരവധി കേസുകളാണ് പിടിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ വാഹനം സുരക്ഷിതമായ സ്ഥലത്തേക്ക് കൊണ്ടുചെന്നിടുന്നതിന് പോലീസ് അധികാരികൾ അടിയന്തര ശ്രദ്ധ പുലർത്തണമെന്ന് നാട്ടുകാർ പറയുന്നു.

## റഷ്യയിലെ ലോകയുവജനോത്സവത്തിൽ പങ്കെടുത്തവർ ഗവർണറെ സന്ദർശിച്ചു

തിരുവനന്തപുരം: റഷ്യയിലെ സോച്ചിയിൽ നടന്ന ലോകയുവജനോത്സവത്തിൽ പങ്കെടുത്ത തിരുവനന്തപുരത്തെ റഷ്യൻ ഹൗസിന് കീഴിലുള്ള ഇന്തോറഷ്യൻ യൂത്ത് ക്ലബ് അംഗങ്ങൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സന്ദർശിച്ചു.

വിവിധ രാജ്യങ്ങളിലും റഷ്യയിൽ നിന്നുമായി ഇരുപതിനായിരം പേർ പങ്കെടുത്തുവെന്നും റഷ്യയുടെ മാത്രമല്ല മറ്റുരാജ്യങ്ങളുടെയും സംസ്കാരം അറിയുവാൻ യുവജനോത്സവസം സഹായകമായെന്ന് കേരളത്തിൽ നിന്നുള്ള അംഗങ്ങൾ ഗവർണറെ അറിയിച്ചു. റഷ്യയിൽ നിന്നുള്ള കരകൗശല വസ്തുക്കൾ അവർ ഗവർണക്കു സമ്മാനിച്ചു.

തിരുവനന്തപുരം റഷ്യൻ ഹൌസ് അംഗങ്ങളായ എട്ടുപേരാണ് യുവജനോത്സവത്തിൽ പങ്കെടുത്തത്. കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ, റഷ്യൻ ഫെഡറേഷന്റെ ഓണററി കോൺസൽ, രതീഷ് സി നായർ എന്നിവരും സന്നിഹിതരായിരുന്നു. റഷ്യയിലെ ലോകയുവജനോത്സവത്തിൽ പങ്കെടുത്തവർ ഗവർണറെ സന്ദർശിച്ചു

## വേനൽച്ചൂടിൽ കുളിരായി കനകക്കുന്നിലെ കാർണിവൽ

തിരുവനന്തപുരം: തെരഞ്ഞെടുപ്പിൻറെയും വേനലിൻറെയും കടുത്ത ചൂടിനിടയിൽ വിനോദത്തിൻറെയും ആഘോഷത്തിൻറെയും കുളിരു പകർന്ന് ഹാർഫെസ്റ്റ് തിരുവനന്തപുരം കാർണിവലിനു തുടക്കമായി.

കനകക്കുന്നിൽ നടക്കുന്ന കാർണിവൽ 14നാണ് സമാപിക്കുക. കുടുംബസമേതം ഉല്ലസിക്കാനുതകുംവിധത്തിൽ വിവിധ ഗെയിം സോണുകൾ, കലാപരിപാടികൾ, സ്ട്രീറ്റ് മാജിക്, പെറ്റ്സ് പാർക്ക്, അമ്യൂസ്മെൻറ് പാർക്ക്, ട്രേഡ് ഫെയർ, ഫുഡ് സ്ട്രീറ്റ് തുടങ്ങി അവധിക്കാല ആഘോഷത്തിനുള്ള എല്ലാ ഉപാധികളോടെയുമാണ് കാർണിവൽ സജ്ജമാക്കിയിരിക്കുന്നത്. ഇസാഫ് ഗ്രൂപ്പിനു കീഴിലുള്ള സെഡാർ റീട്ടെയ്ൽ ആണ് കാർണിവൽ സംഘടിപ്പിക്കുന്നത്.

പഴയകാല അവധിക്കാലങ്ങളെ സമ്പന്നമാക്കിയിരുന്ന സ്ട്രീറ്റ് മാജിക്കും സർക്കസും ഫയർ ഡാൻഡും മറ്റും കുടുംബസമേതം വീണ്ടും കാണാനുള്ള അവസരമാണ് കാർണിവലിൽ ഒരുക്കിയിട്ടുള്ളത്. കാണികളായെത്തുന്നവർക്ക് കലാപരിപാടികൾ അവതരിപ്പിക്കാനായി ഓപ്പൺ മൈക്ക് എന്ന പ്രത്യേക ഇടവും ഒരുക്കിയിട്ടുണ്ട്. തട്ടുകടകളിലെ ഭക്ഷണം മുതൽ ഹൈദരാബാദി മട്ടൻ ഹലീം ബിരിയാണി വരെയുള്ള ഭക്ഷണവും ഫുഡ് സ്ട്രീറ്റിൽ ലഭ്യമാകും.

മെറ്റഡോറിയ അഗം ബാൻഡ്, സൂരജ് സന്തോഷ് തുടങ്ങിയ ഗ്രൂപ്പുകളുടെ സംഗീതപരിപാടികളും വരുംദിവസങ്ങളിൽ അരങ്ങേറുന്നുണ്ട്. എല്ലാദിവസവും വൈകിട്ട് മൂന്നു മുതൽ രാത്രി പത്തുവരെയാണ് കാർണിവലിലേക്ക് പ്രവേശനം. ടിക്കറ്റുകൾ കനകക്കുന്നിലെ കൗണ്ടറുകളിൽ നിന്നു ലഭിക്കും.

## മണ്ഡലപര്യടനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്ഥാനാർഥികൾ

തിരുവനന്തപുരം: തീരദേശ മണ്ഡലവും യുഡിഎഫിന് എല്ലാ തെരഞ്ഞെടുപ്പുകളിലും മികച്ച ഭൂരിപക്ഷം നല്കുന്നതുമായ കോവളം നിയോജകമണ്ഡലത്തിലായിരുന്നു യുഡിഎഫ് സ്ഥാനാർഥി ഡോ. ശശി തരൂർ ഇന്നലെ പ്രചാരണം നത്തിയത്.

രാവിലെ 8.45ന് ബാലരാമപുരത്തു നിന്നാണ് പ്രചാരണത്തിന് തുടക്കമായത്. വാദ്യമേളങ്ങളോടെയും പുഷ്പവൃഷ്ടിയോടുംകൂടി പ്രവർത്തകർ ഡോ. ശശി തരൂരിനെ വേദിയിലേക്ക് ആനയിച്ചു. എം. വിൻസെൻറ് എംഎൽഎ പര്യടനം ഉദ്ഘാടനം ചെയ്തു.

യുഡിഎഫ് കോവളം അസംബ്ലി ചെയർമാൻ കോളിയൂർ ദിവാകരൻ നായർ അധ്യക്ഷത വഹിച്ചു. കെപിസിസി വൈസ് പ്രസിഡൻറ് എൻ. ശക്തൻ, കെപിസിസി ജനറൽ സെക്രട്ടറി ജി. സുബോധൻ, കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് ഉച്ചക്കട സുരേഷ്, ബാലരാമപുരം മണ്ഡലം പ്രസിഡൻറ് അർഷദ്, ഘടകകക്ഷി നേതാക്കളായ വിഴിഞ്ഞം റസാഖ, എൽ. വർഗീസ്, വി. ജെയിംസ്, കരുംകുളം മുരുകൻ തുടങ്ങിയവർ നേതൃത്വം നല്കി.

ഹാരമണിയിച്ചും വിജയകിരീടം ചൂടിച്ചും പ്രവർത്തകർ സ്വീകരണം കൊഴുപ്പിച്ചു. ബാലരാമപുരത്തുനിന്നും ആരംഭിച്ച പര്യടനം പുന്നവിള കുരിശടി ജംഗ്ഷനിൽ ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. തുടർന്ന് വൈകുന്നേരം മൂന്നിനു കുടുംബന്നൂരിൽനിന്നും പര്യടനം പുനരാരംഭിച്ചു. വിവിധ കേന്ദ്രങ്ങളിലെ പര്യടനത്തിനു ശേഷം രാത്രി പത്തിനു പാറവിളയിൽ പര്യടനം സമാപിച്ചു.

## ഹൈറിച്ച് തട്ടിപ്പുകേസ് സിബിഐക്ക്; സർക്കാർ ഉത്തരവിറക്കിപ

തിരുവനന്തപുരം: ഹൈറിച്ച് ഓൺലൈൻ തട്ടിപ്പുകേസ് അന്വേഷണം സിബിഐക്ക് വിട്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. ഡിജിപിയുടെ ശിപാർശ പ്രകാരമാണ് നടപടി. നിലവിൽ ക്രൈംബ്രാഞ്ചിൻറെ സാമ്പത്തിക പരിശോധനാ വിഭാഗമാണ് അന്വേഷണം നടത്തുന്നത്. കേസിൽ ഇഡിയുടെ അന്വേഷണവും പുരോഗമിക്കുകയാണ്.

മൾട്ടിലെവൽ മാർക്കറ്റിംഗ് ബിസിനസിൻറെ മറവിൽ 1,600 കോടിയിലേറെ രൂപ വിവിധ വ്യക്തികളിൽ നിന്ന് ശേഖരിച്ച ഹൈറിച്ച് ഉടമകൾ ഒടിടി ഫ്ലാറ്റ് ഫോമിൻറെ പേരിലും ഇടപാട് നടത്തിയെന്നാണ് ഇഡി കണ്ടെത്തൽ. 750 കോടിയുടെ തട്ടിപ്പ് നടന്നുവെന്നാണ് ആഭ്യന്തര വകുപ്പിൻറെ കണക്ക്.

ഹൈറിച്ച് തട്ടിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനുകളിലായി ഒരു ഡസനിലേറെ കേസുകളാണ് നിലവിലുള്ളത്. കേസുമായി ബന്ധപ്പെട്ട പ്രഫോമ റിപ്പോർട്ടുകൾ അടക്കമുള്ള വിശദാംശങ്ങൾ സിബിഐക്ക് കൈമാറിയിട്ടുണ്ട്.

2019 ലാണ് പ്രതാപനും ഭാര്യ ശ്രീനയും ചേർന്ന് ഹൈറിച്ച് കന്പനി ആരംഭിക്കുന്നത്. കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പാണിതെന്നും ചേർപ്പ് പോലീസ് കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലുണ്ടായിരുന്നു.

പൊള്ളാച്ചിയിലെ അനശ്വര ട്രേഡേഴ്സ്, നിധി ലിമിറ്റഡ്, കോടാലിയിലെ ഫാംസിറ്റി, ഒടിടി പ്ലാറ്റ്ഫോം, വിദേശരാജ്യങ്ങളിലെ 80 പ്രദേശങ്ങളിലുൾപ്പെടെ നടത്തുന്ന ക്രിപ്റ്റോ കറൻസിയിടപാടുകൾ എന്നിവയെപ്പറ്റിയെല്ലാം റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നു.

## വൈദ്യുതി ഉപയോഗം സർവകാല റിക്കാർഡിലേക്ക്; ശനിയാഴ്ച 108.22 ദശലക്ഷം യൂണിറ്റ്

തിരുവനന്തപുരം: ചൂട് കനത്തതോടെ സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വീണ്ടും സർവകാലറിക്കാർഡിൽ. ഏപ്രിൽ ആരംഭിച്ചതു മുതൽ ഓരോദിവസവും വൈദ്യുതി ഉപയോഗത്തിൽ റിക്കാർഡ് വർധനയാണ് ഉണ്ടാകുന്നത്. ശനിയാഴ്ചത്തെ ആകെ വൈദ്യുതി ഉപയോഗം 108.22 ദശലക്ഷം യൂണിറ്റിലെത്തി. പീക്ക് ടൈമിലെ ആവശ്യകതയും റിക്കാർഡ് തൊട്ടു. ശനിയാഴ്ച വൈകുന്നേരം ആറു മുതൽ 11 മണി വരെ 5,364 മെഗാവാട്ട് വൈദ്യുതി ആണ് ഉപയോഗിച്ചത്.

കഴിഞ്ഞ ഒരാഴ്ചയായി പ്രതിദിന വൈദ്യുതി ഉപയോഗം 100 ദശലക്ഷം യൂണിറ്റിന് മുകളിലാണ്. ഈ മാസം മൂന്നിനാണ് ഇതിന് മുമ്പ് ഏറ്റവും അധികം വൈദ്യുതി ഉപയോഗം ഉണ്ടായത്.

## പാളയം എൽഎംഎസ് റോഡിൽ തെരുവുനായ ശല്യം വർധിക്കുന്നു

പേരൂർക്കട: പാളയം എൽഎംഎസ് റോഡ് രാത്രികാലങ്ങളിൽ തെരുവുനായ്ക്കളുടെ വിഹാരകേന്ദ്രമായതോടെ വാഹനയാത്രികരും കാൽനടയാത്രികരും ഭീതിയിൽ. കഴിഞ്ഞ ഒരുമാസമായി തെരുവ്നായശല്യം വർദ്ധിച്ചിട്ടും തിരുവനന്തപുരം നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു സമീപത്തെ ബസ് കാത്തിരിപ്പുകേന്ദ്രമാണ് തെരുവുനായ്ക്കളുടെ താവളം.

രാത്രി വെയിറ്റിംഗ് ഷെഡിൽ തമ്പടിക്കുന്ന നായകൾ ബസ് കാത്തുനിൽക്കുന്നവർക്കു ഭീഷണി സൃഷ്ടിക്കുന്നു. ഇവിടെ നായ്ക്കൾ കൂട്ടത്തോടെ ആക്രമിക്കാൻ വരുന്നത് ഇപ്പോൾ സ്ഥിരം സംഭവമായിട്ടുണ്ട്. എംജി റോഡിലെ അരണ്ട വെളിച്ചത്തിൽ ഇവ യഥേഷ്ടം വിഹരിക്കുകയാണ്. വെയിറ്റിംഗ് ഷെഡിന് കഷ്ടിച്ച് 50 മീറ്റർ മാറിയാണ് പച്ചക്കറി മാർക്കറ്റ്.

ഇവിടെ ആഹാരം അന്വേഷിച്ചെത്തുന്ന നായകളാണ് വെയിറ്റിംഗ് ഷെഡ് താവളമാക്കുകയും ഇതിനു പരിസരത്ത് വിഹരിക്കുകയും ചെയ്തു വരുന്നത്. 10 ഓളം നായ്ക്കൾ ഇപ്പോൾത്തന്നെ ഇവിടെയുണ്ട്. ബസ് വെയിറ്റിംഗ് ഷെഡിനു സമീപം താൽക്കാലികമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്കു സമീപം ഉടമകൾ എത്തുമ്പോൾ കുരച്ചുകൊണ്ട് ചാടുന്നതും പതിവു കാഴ്ചയാണ്.

തിരുവനന്തപുരം നഗരസഭ വന്ധ്യംകരണ നടപടികൾ ഫലപ്രദമായി നടപ്പാക്കിയിരുന്നുവെങ്കിൽ പ്രധാനപ്പെട്ട നഗരപ്രദേശത്ത് നായ്ക്കൾ വർദ്ധിക്കുന്നത് ഒഴിവാക്കാമായിരുന്നു എന്നാണ് നാട്ടുകാർ പറയുന്നത്.

## വീട്ടമ്മ തീകൊളുത്തി മരിച്ച സംഭവം: ഭർത്താവ് അറസ്റ്റിൽ

കാട്ടാക്കട: വീട്ടമ്മ തീകൊളുത്തി ആത്മഹത്യ ചെയ്ത സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ. വിളവൂർക്കൽ പെരുകാവ് തേവിക്കോണം ആഞ്ജനേയം വീട്ടിൽ ജയശങ്കർ (45) ആണ് അറസ്റ്റിലായത്.

വിളവൂർക്കൽ പെരുകാവ് തേവിക്കോണം ആഞ്ജനേയം വീട്ടിൽ ഷീജ (41)യാണ് മാർച്ച് മൂന്നിന് ഉച്ചയ്ക്ക് 12ന് വീടിൻറെ പിറകുവശത്തുവച്ച് സ്വയം മണ്ണെണ ഒഴിച്ച് തീകൊളുത്തി ആത്മഹത്യക്ക് ശ്രമിച്ചത്. ബന്ധുക്കളും നാട്ടുകാരും ചേർന്ന് ഷീജയെ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ശനിയാഴ്ച്ചയോടെ മരിക്കുകയായിരുന്നു.

തുടർന്ന് മലയിൽകീഴ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. തുടർന്നുള്ള അന്വേഷണത്തിൽ ആണ് ഷീജയുടെ ഭർത്താവ് ജയശങ്കറിൻറെ നിരന്തരമായ മാനസികശാരീരിക പീഡനം മൂലമാണ് ആത്മഹത്യ ചെയ്തെന്ന് വെളിവായത്.

തുടർന്ന് തിരുവനന്തപുരം റൂറൽ എസ്പി കിരൺ നാരായണിൻറെ നിർദ്ദേശ പ്രകാരം കാട്ടാക്കട ഡിവൈഎസ്പി സി. ജയകുമാറിൻറെ നേതൃത്തിൽ ഭർത്താവിനെ പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## 50 രൂപ തിരികെ ചോദിച്ചയാളെ ആക്രമിച്ചു: ഒരാൾ അറസ്റ്റിൽ

വെള്ളറട: കടമായി നൽകിയ 50 രൂപ തിരികെ ചോദിച്ച മദ്യവയസ്ക്കനെ ആക്രമിച്ചകേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ഡാലുമുഖം അമ്പിളി ഭവനിൽ ലാൽ എന്ന് വിളിക്കുന്ന അജിൻ(40) ആണ് പോലീസ് പിടിയിലായത്.

സമീപവാസിയായ ഡാലുമുഖം ഇരപ്പിൽ വിട്ടിൽ രാജൻ (52) നാണ് ആക്രമണത്തിൽ പരിക്കേറ്റത്. പരിക്കേറ്റ രാജൻ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

കഴിഞ്ഞമാസം 31 ന് വൈകുന്നേരമാണ് കേസിന് ആ്സ്പദമായ സംഭവം. രാജൻറെ കൈയിൽ നിന്നും 50 രൂപ അജിൻ കടമായി വാങ്ങിയിരുന്നു.

ഈ പണം തിരികെ ചോദിച്ചതോടെ അജിൻ രാജനെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു എന്നാണ് പോലീസിനു നൽകിയ പരാതിയിൽ പറയുന്നത്. മെഡിക്കൽ കോളേജ് അധികൃതർ പോലീസിന് നൽകിയ ഇൻറിമേഷനെ തുടർന്നായിരുന്നു കേസ് അന്വേഷണം ആരംഭിച്ചത്.

മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന രാജനിൽ നിന്നും വെള്ളറട പോലീസ് മൊഴിവാങ്ങിയ ശേഷമാണ് അജിനെ വെള്ളറട പോലീസ് പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കല്ലിയൂർ, ബാലരാമപുരം പഞ്ചായത്തുകളിൽ പര്യടനവുമായി പന്ന്യൻ

തിരുവനന്തപുരം: എൽഡിഎഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻ കോവളം മണ്ഡലത്തിലെ കല്ലിയൂർ, ബാലരാമപുരം പഞ്ചായത്തുകളിലാണു പര്യടനം നടത്തിയത്. രാവിലെ പാലപ്പൂരിൽ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം എം. വിജയകുമാർ പര്യടനം ഉദ്ഘാടനം ചെയ്തു.

പാലപ്പൂർ ബിജു അധ്യക്ഷത വഹിച്ചു. മാങ്കോട് രാധാകൃഷ്ണൻ, നീലലോഹിതദാസ്, പി. എസ്. ഹരികുമാർ, പള്ളിച്ചൽ വിജയൻ, ജമീല പ്രകാശം, പൂജപ്പുര രാധാകൃഷ്ണൻ, തന്പാനൂർ രാജീവ് കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു. പുഷ്പവൃഷ്ടിയുടേയും വെടിക്കെട്ടിൻറേയും വാദ്യഘോഷങ്ങളുടേയും അകന്പടിയോടെയാണ് ഓരോ കേന്ദ്രങ്ങളിലും സ്ഥാനാർഥിയെ വരവേറ്റത്. വിവിധ കേന്ദ്രങ്ങളിൽ ആർ. എസ്. ജയൻ, ആദർശ് കൃഷണ, ആർ. എസ്. രാഹുൽ രാജ്, പി. കെ. സാം, കെ. പി. ദിലീപ് ഖാൻ, ശരൺ ശശാങ്കൻ, പി. എസ്. ആൻറസ് തുടങ്ങിയവർ പ്രസംഗിച്ചു.



ലോകാരോഗ്യ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് നിർവഹിക്കുന്നു.

# ലോകാരോഗ്യ ദിനം ആചരിച്ചു

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ലോകാരോഗ്യ ദിനാചരണത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം ഗവ. സ്കൂൾ ഓഫ് നഴ്സിംഗിൽ വച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് നിർവഹിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ. അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ശ്രീലത ആർ, അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം) ഡോ. വി. മീനാക്ഷി, അഡീഷണൽ ഡയറക്ടർ (ടി.ബി.) ഡോ. രാജാറാം കിഴക്കേകണ്ടിയിൽ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) ഡോ. അജിത് വി., ഡെപ്യൂട്ടി ഡയറക്ടർ (ഡെന്റൽ) ഡോ. സൈമൺ മോറിസോൺ, ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക് ഹെൽത്ത് & ലെപ്രസി) ഡോ. ഷീജ എ.എൽ., ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശാ വിജയൻ, സ്റ്റേറ്റ് മാസ് എജ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഇൻ ചാർജ് കെ.എൻ. അജയ്, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ സാലമ്മ പി.കെ. എന്നിവർ ആശംസയർപ്പിച്ചു.

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ബിന്ദു മോഹൻ സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ (എൻ.വി.ബി.ഡി.സി.പി. ഡോ. ബിപിൻ കെ. ഗോപാൽ നന്ദിയും പറഞ്ഞു. തുടർന്നു നടന്ന ബോധവൽക്കരണ സെമിനാറിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. ഹരികുമാർ എസ്. ലോകാരോഗ്യ ദിനാചരണ സന്ദേശമായ 'എന്റെ ആരോഗ്യം, എന്റെ അവകാശം" എന്ന വിഷയമവതരിപ്പിച്ചു സംസാരിച്ചു.

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഫാർമസി കോളജുകളിലെയും സ്വാശ്രയ ഫാർമസി കോളജുകളിലെയും 2023 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കു പ്രവേശനത്തിനുള്ള മൂന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 7.3.8 ൽ പറയുന്ന അസൽ രേഖകളും സഹിതം ഏപ്രിൽ ഒമ്പതിനു വൈകിട്ട് നാലിനു മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## എം. എസ്. സി. (എം. എൽ. റ്റി.): അക്കാദമിക വിവരങ്ങൾ പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും, കോഴിക്കോട്ടെ സ്വാശ്രയ കോളേജായ മിംസ് കോളേജ് ഓഫ് അല്ലൈഡ് ഹെൽത്ത് സയൻസിലും നടത്തുന്ന എം.എസ്.സി.(എം.എൽ.റ്റി.) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കുശേഷമുള്ള വിവരങ്ങൾ (Verified data) www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

അപേക്ഷാർഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കേണ്ടതും ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ഏപ്രിൽ 15ന് വൈകിട്ട് അഞ്ചിനുള്ളിൽ സമർപ്പിക്കുകയും ചെയ്യണം. പുതിയ ക്ലെയിമുകൾ (അവകാശവാദങ്ങൾ) നൽകുവാൻ സാധിക്കില്ല. വിവരങ്ങൾ പരിശോധിച്ച് വരുത്തേണ്ടുന്ന മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് വരുത്താത്തതും ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തതും കാരണമുള്ള അനന്തരഫലങ്ങൾക്കു അപേക്ഷാർത്ഥികൾ തന്നെയാകും ഉത്തരവാദി. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരുടെ ക്ലെയിം/അപേക്ഷ നിരസിക്കപ്പെടും. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

## എം. എസ്. സി ആഡിയോളജി, എം. എസ്. സി സ്പീച്ച് ലാംഗ്വേജ് പത്തോളജി: ഇൻഡക്സ് മാർക്ക് പ്രസിദ്ധീകരിച്ചു

സ്വാശ്രയ കോളജുകളായ കാസർകോഡ് മാർത്തോമ കോളജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, കോഴിക്കോട് അണങ്ങ കോളജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) എന്നീ സ്ഥാപനങ്ങൾ നടത്തുന്ന, 202324 വർഷത്തെ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഓഡിയോളജി (M.Sc Aud), മാസ്റ്റർ ഓഫ് സയൻസ് ഇൻ സ്പീച്ച് ലാംഗ്വേജ് പത്തോളജി M.Sc.(SLP), എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ ഇൻഡക്സ് മാർക്ക് www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363, 364.

## പുസ്തക പ്രസാധകർക്ക് അപേക്ഷിക്കാം

സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 1, 2 ക്ലാസുകളിലെ കുട്ടികൾക്കായി വായനാ സാമഗ്രികൾ (തമിഴ്, കന്നഡ) ലഭ്യമാക്കുന്നതിന് പ്രസാധകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങളടങ്ങിയ നോട്ടീസ് www.ssakerala.in ൽ ലഭിക്കും.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ ഐ.എ.എസ്. അക്കാഡമിയിൽ സിവിൽ സർവീസ് പ്രിലിമിനറി/മെയിൻസ് പരീക്ഷയുടെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ ബിരുദദാരികളായ ആശ്രിതർക്ക് അപേക്ഷിക്കാം.

ബോർഡിൽ നിന്ന് വാങ്ങിയ ആശ്രിതത്വ സർട്ടിഫിക്കറ്റ് ഉൾപ്പെടെ 20നകം അപേക്ഷിക്കണം. 10 മാസമാണ് കോഴ്സ് കാലാവധി. ജൂൺ ആദ്യവാരം ക്ലാസുകൾ ആരംഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട ലിങ്കും കോഴ്സ് സംബന്ധിച്ച് കൂടുതൽ വിവരങ്ങളും kile.kerala.gov.in ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712479966, 04712309012.

## ഉയർന്ന താപനില മുന്നറിയിപ്പ്

ഏപ്രിൽ 10 വരെ കൊല്ലം, പാലക്കാട് ജില്ലകളിൽ ഉയന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എണറാകുളം, കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, മലപ്പുറം, കാസറഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും (സാധരണയെക്കാൾ 24 ഡിഗ്രി സെൽഷ്യസ് കൂടുതൽ) ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ഈ ദിവസങ്ങളിൽ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

## അസി. ട്രാൻസ്പോർട്ട് ഓഫിസറെ സസ്പെൻഡ് ചെയ്തു

കെ.എസ്.ആർ.ടി.സി. സി.എം.ഡിയുടെ ഉത്തരവുകൾ പാലിക്കാതിരുന്നതിന് പുനലൂർ യൂണിറ്റിലെ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫിസർ കെ.പി. ഷിബുവിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഏപ്രിൽ ആറിനു കെ.എസ്.ആർ.ടി.സിയുടെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിലാണു സി.എം.ഡിയുടെ ഉത്തരവുകൾ നടപ്പാക്കുന്നതിലെ വീഴ്ച കണ്ടെത്തിയത്.

# കെ. ജി. റ്റി. ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകൾക്ക് അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രീ പ്രസ് ഓപ്പറേഷൻ കെ.ജി.റ്റി.ഇ പ്രസ് വർക്ക് കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് 202425 കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (0484 2605322), കോഴിക്കോട് (0495 2356591, 2723666) എന്നി കേന്ദ്രങ്ങളിലാണ് കോഴ്സ്. അപേക്ഷാ ഫോം 100 രൂപയ്ക്ക് അതാത് സെന്ററിൽ നിന്നും നേരിട്ടും 135 രൂപ മണി ഓർഡറായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രയിനിംഗ്, ട്രയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേക്കോട്ട, തിരുവനന്തപുരം 24 എന്ന വിലാസത്തിൽ തപാലിലും/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471 2474720, 0471 2467728. വെബ്സൈറ്റ് : ০০০.രമുസേല്യ മഹമ.രീ, പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 30.

## കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങൾ എം. എസ്. എം. ഇകൾക്ക് ത്രിദിന വർക്ക്ഷോപ്പ്

എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെ കുറിച്ച് അറിവ് നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED), 3 ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.

ഏപ്രിൽ 22 മുതൽ 24 വരെ കളമശ്ശേരിയിലുള്ള കീടിന്റെ ക്യാമ്പസിലാണ് പരിശീലനം. 2950 രൂപയാണ് പരിശീലന ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപ. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ https://kied.infot/rainingcalender/ ൽ ഏപ്രിൽ 17 ന് മുൻപ് ഓൺലൈനായി അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 04842532890, 04842550322, 9188922800.

## ലോക്സഭാ തെരഞ്ഞെടുപ്പ്: പഴുതടച്ച കാമറ നിരീക്ഷണം

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ഭാഗമായി അതിർത്തി ചെക്ക് പോസ്റ്റുകൾ, വിവിധ സ്ക്വാഡുകൾ, ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ, വോട്ടിംഗ് യന്ത്രങ്ങളുടെ സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കാമറ നിരീക്ഷണം ശക്തം. ഇതിനായുള്ള കൺട്രോൾ റൂമും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവ നിരീക്ഷണം നടത്തുന്ന അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥിരമായുള്ള കാമറകൾക്ക് പുറമെ വൈഫൈ സംവിധാനത്തോടെയുള്ള കാമറകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. അവയുടെ നിരീക്ഷണം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിൽ ലഭിക്കും.

കളക്ടറേറ്റിൽ സജ്ജമാക്കിയ വെബ്കാസ്റ്റിംഗ് കൺട്രോൾ റൂമും 2 മണിക്കൂർ നിരീക്ഷണം നടത്തുന്നുണ്ട്. 30 സ്റ്റാറ്റിക് സർവൈലൻസ് ടീമുകളും 15 ഫ്ളൈയിംഗ് സ്ക്വാഡുകളും 360 ഡിഗ്രി കറങ്ങുന്ന വൈഫൈ കാമറയുടെ സംവിധാനത്തോടെ 24 മണിക്കൂറും ജില്ലയിലാകെ പരിശോധന നടത്തുന്നു. തെരഞ്ഞെടുപ്പ് ജോലികൾക്കായി നിയമിച്ച ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ എന്നിവയും പൂർണമായും നിരീക്ഷണത്തിലാണ്. കൂടാതെ പോളിംഗ് ദിവസം ജില്ലയിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും 100 ശതമാനം വെബ്കാസ്റ്റിംഗ് ഉറപ്പുവരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തുക.

## ജൂനിയർ എൻജിനീയർ എക്സാം 2024

സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ നടത്തുന്ന ജൂനിയർ എൻജിനീയർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) പരീക്ഷ 2024ന് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 18നു രാത്രി 11.00 വരെ ഓൺലൈനായി അപേക്ഷിക്കാം. ജൂൺ നാലുമുതൽ ആറു വരെയാണ് പരീക്ഷ. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും https://ssc.gov.in, www.ssckkr.kar.nic.in.

## കല്ലിയൂർ, ബാലരാമപുരം പഞ്ചായത്തുകളിൽ പര്യടനവുമായി പന്ന്യൻ

തിരുവനന്തപുരം: എൽഡിഎഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻ കോവളം മണ്ഡലത്തിലെ കല്ലിയൂർ, ബാലരാമപുരം പഞ്ചായത്തുകളിലാണു പര്യടനം നടത്തിയത്. രാവിലെ പാലപ്പൂരിൽ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം എം. വിജയകുമാർ പര്യടനം ഉദ്ഘാടനം ചെയ്തു.

പാലപ്പൂർ ബിജു അധ്യക്ഷത വഹിച്ചു. മാങ്കോട് രാധാകൃഷ്ണൻ, നീലലോഹിതദാസ്, പി. എസ്. ഹരികുമാർ, പള്ളിച്ചൽ വിജയൻ, ജമീല പ്രകാശം, പൂജപ്പുര രാധാകൃഷ്ണൻ, തന്പാനൂർ രാജീവ് കാഞ്ഞിരംകുളം ഗോപാല കൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു. പുഷ്പവൃഷ്ടിയുടേയും വെടിക്കെട്ടിൻറേയും വാദ്യഘോഷങ്ങളുടേയും അകന്പടിയോടെയാണ് ഓരോ കേന്ദ്രങ്ങളിലും സ്ഥാനാർഥിയെ വരവേറ്റത്.

വിവിധ കേന്ദ്രങ്ങളിൽ ആർ. എസ്. ജയൻ, ആദർശ് കൃഷണ, ആർ. എസ്. രാഹുൽ രാജ്, പി. കെ. സാം, കെ. പി. ദിലീപ് ഖാൻ, ശരൺ ശശാങ്കൻ, പി. എസ്. ആൻറസ് തുടങ്ങിയവർ പ്രസംഗിച്ചു.

## കേന്ദ്ര സർക്കാർ ജോലികളിൽ 50 ശതമാനം സ്ത്രീകൾക്ക് നൽകും: കെ. സി. വേണുഗോപാൽ

ആലപ്പുഴ: ഇന്ത്യ മുന്നണി അധികാരത്തിൽ വന്നാൽ കേന്ദ്ര സർക്കാർ ജോലികളിൽ 50 ശതമാനം സ്ത്രീകൾക്കു നൽകുമെന്നും ഇന്നു സ്ത്രീകൾക്ക് ലഭ്യമല്ലാത്ത അവകാശങ്ങളും നടപ്പിലാക്കാൻ മുന്നിൽ നിൽക്കുമെന്നും ആലപ്പുഴയിലെ യുഡിഎഫ് സ്ഥാനാർഥി കെ. സി. വേണുഗോപാൽ.

സ്ത്രീകളുടെപ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും കാണാനാവാത്ത ഭരണകർത്താക്കളാണ് കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്നതന്നും അദ്ദേഹം പറഞ്ഞു. അഞ്ജലി ഓഡിറ്റോറിയത്തിൽ നടന്ന യുഡിഎഫ് പാർലമെൻറുതല മഹിളാ ന്യായ് മഹിളാ കൺവൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോൺഗ്രസ് അധികാരം വീണ്ടെടുത്ത കർണാടകയിലും തെലങ്കാനയിലും പ്രകടന പത്രികയിൽ പറഞ്ഞ പ്രധാന കാര്യങ്ങൾ എല്ലാംതന്നെ നടപ്പാക്കിയിട്ടുണ്ട്. മുന്നണി അധികാരത്തിൽ വന്നാൽ കേന്ദ്രത്തിലും ഇതു തുടരുമെന്നും കെ. സി. വേണുഗോപാൽ പറഞ്ഞു. മഹിളാ ന്യായിലുള്ള ഒരു വർഷം ഒരു ലക്ഷം രൂപ ഒരു സ്ത്രീക്ക് നൽകുന്ന പദ്ധതി ഉൾപ്പെടെ അഞ്ചു ഗ്യാരൻറികൾ മുന്നണി അധികാരത്തിൽ എത്തിയാൽ നടപ്പാക്കുമെന്നും കെ. സി. ഉറപ്പ് നൽകി.

സൗഹൃദവും സ്നേഹവുമുള്ള മനുഷ്യരെ തമ്മിലടിപ്പിക്കുന്നവരാണ് ഇന്ത്യ ഭരിക്കുന്നത്. ഈ തെരഞ്ഞെടുപ്പ് ഇന്ത്യയുടെ അവസാന തെരഞ്ഞെടുപ്പാകാൻ പാടില്ല. പത്തു വർഷമായി ബിജെപി ഭരിക്കുന്ന ഇന്ത്യയെ വീണ്ടെടുക്കാനുള്ള തെരഞ്ഞെടുപ്പാണിത്. അതിനു സ്ത്രീ സമൂഹം മുന്നിൽനിന്ന് പ്രവർത്തിക്കണമെന്നും കെ. സി. പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർഥമായി ശ്രമിക്കും. പുതിയ വികസനങ്ങൾ കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു.



സ്ഥാനാർത്ഥികളുടെ പ്രതിനിധികളും നിരീക്ഷകരുമായുള്ള കൂടിക്കാഴ്ച

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കരുവന്നൂർ കേസിൽ വീണ്ടും ഹാജരാകാൻ ഇഡി നിർദേശം

കൊച്ചി: കരുവന്നൂർ കേസിൽ സിപിഎം ജില്ലാ സെക്രട്ടറി എം. എം. വർഗീസ്, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പി. കെ. ബിജു എന്നിവരെ എട്ടര മണിക്കൂർ ചോദ്യം ചെയ്ത് ഇഡി വിട്ടയച്ചു.

തൃശൂരിൽ സിപിഎമ്മിന് വിവിധ സഹകരണ ബാങ്കുകളിലുള്ള അക്കൗണ്ടുകളെക്കുറിച്ചും ആസ്തി സംബന്ധിച്ചുമായിരുന്നു ചോദ്യം ചെയ്യൽ.



കൂടുതൽ ചോദ്യംചെയ്യലിനായി എം. എം. വർഗീസിനോട് 22 ന് ഹാജരാകാൻ നിർദേശിച്ചിട്ടുണ്ട്. പി. കെ. ബിജുവിനോട് വ്യാഴാഴ്ച ഹാജരാകാനും ഇഡി ആവശ്യപ്പെട്ടു. ജില്ലാക്കമ്മിറ്റിയുടെ ആസ്തി വിവരങ്ങൾ ഹാജരാക്കാനും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതായി നേതാക്കൾ വ്യക്തമാക്കി.

കരുവന്നൂരിൽ സിപിഎമ്മിന് അഞ്ച് രഹസ്യ അക്കൗണ്ട് ഉണ്ടെന്ന് ഇഡി കണ്ടെത്തിയിരുന്നു. ഇതുവഴി 78 ലക്ഷം രൂപയുടെ ഇടപാടുകൾ നടന്നതായും ഇഡി പറയുന്നു. തുടർന്ന് ഈ അക്കൗണ്ടുകൾ മരവിപ്പിച്ച് വിവരം ആദായ നികുതി വകുപ്പിനും തെരഞ്ഞെടുപ്പ് കമ്മീഷനും ഇഡി കൈമാറിയിരുന്നു.

ലോക്കൽ കമ്മിറ്റികളുടെ അക്കൗണ്ടുകളെക്കുറിച്ച് തനിക്ക് അറിയില്ലെന്ന് തൃശൂർ ജില്ലാ സെക്രട്ടറി എം. എം. വർഗീസ് നേരത്തെ പറഞ്ഞിരുന്നു. തനിക്ക് അറിയാവുന്ന കാര്യങ്ങൾ മാത്രമേ ഇഡിയോട് പറയാനാവൂ എന്ന് അദ്ദേഹം വ്യക്തമാക്കി.

കൈയിലുള്ള അക്കൗണ്ടുകളുടെ വിവരങ്ങളെ നൽകാനാവൂ. കൈവശമില്ലാത്ത രേഖകൾ എങ്ങനെ കൊടുക്കാൻ സാധിക്കും. തനിക്ക് ഒന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ല. എല്ലാ കാര്യങ്ങളും സുതാര്യമായിട്ടാണ് പാർട്ടി ചെയ്യുന്നതെന്നും അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോടു പറഞ്ഞു.

# വ്യാജ അറ്റസ്റ്റേഷൻ തട്ടിപ്പ് ഉദ്യോഗാർത്ഥികൾ ജാഗ്രത പാലിക്കണം: നോർക്ക

തിരുവനന്തപുരം: വ്യാജ അറ്റസ്റ്റേഷൻ തട്ടിപ്പിനിരയാകാതെ ഉദ്യോഗാർത്ഥികൾ ജാഗ്രത പാലിക്കണമെന്ന് നോർക്കയുടെ മുന്നറിയിപ്പ്. നോർക്കയുടെ തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ എച്ച്ആർഡി അറ്റസ്റ്റേഷനായി സമർപ്പിച്ച വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചപ്പോൾ വ്യാജസീൽ ഉപയോഗിച്ച് അറ്റസ്റ്റേഷൻ നടത്തിയതായി കണ്ടെത്തിയിരുന്നു. ഇക്കാര്യം തുടർ നിയമ നടപടികൾക്കായി കൈമാറുകയും ചെയ്തിട്ടുണ്ട്. ഏജൻസികളും ഇടനിലക്കാരും വഴി ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്. വ്യാജ അറ്റസ്റ്റേഷൻ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ നിയമപരമായ നടപടികൾക്കായി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടിവരുന്നതിനാൽ

ജോലിനഷ്ടം, കാലതാമസം എന്നിവയ്ക്കും നിയമ നടപടികൾക്കും സാധ്യതയുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗാർത്ഥികൾ ജാഗ്രതപാലിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ അജിത്ത് കോളശ്ശേരി അറിയിച്ചു.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനോ മറ്റ് സേവനങ്ങൾക്കോ സംസ്ഥാനസർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് ഏതെങ്കിലും വ്യക്തിയേയോ സ്ഥാപനത്തേയോ ചുമതലപ്പെടുത്തിയിട്ടില്ല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മാർഗ നിർദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അധികാരപ്പെടുത്തിയിട്ടുള്ള ഏക സ്ഥാപനമാണ് നോർക്ക റൂട്ട്സ്. വിദ്യാഭ്യാസ വ്യക്തി വിവര സർട്ടിഫിക്കറ്റുകളുടെ ഹോം അറ്റസ്റ്റേഷൻ, മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ്(എംഇഎ) സാക്ഷ്യപ്പെടുത്തൽ, വിവിധ എംബസികളുടെ സാക്ഷ്യപ്പെടുത്തൽ, അപ്പോസ്റ്റെൽ അറ്റസ്റ്റേഷൻ സേവനങ്ങൾ നോർക്ക റൂട്ട്സ് വഴി ലഭ്യമാണ്.

ഉദ്യോഗാർത്ഥികൾക്ക് നേരിട്ടോ അല്ലെങ്കിൽ ചുമതലപ്പെടുത്തുന്ന വ്യക്തിക്കോ നോർക്ക റൂട്ട്സ് ഓഫിസുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാം.

# തെരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു; സംസ്ഥാനത്ത് 194 സ്ഥാനാർഥികൾ

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയം അവസാനിച്ചപ്പോൾ 194 സ്ഥാനാർഥികളാണ് മത്സര രംഗത്തുള്ളത്. പത്ത് പേരാണ് ഇന്ന് പത്രിക പിൻവലിച്ചത്.

ഏറ്റവും അധികം സ്ഥാനാർഥികൾ ഉള്ളത് കോട്ടയം മണ്ഡലത്തിലാണ്. 14 സ്ഥാനാർഥികളാണ് കോട്ടയത്ത് മത്സരിക്കുന്നത്. ഏറ്റവും കുറവ് സ്ഥാനാർഥികൾ മത്സര രംഗത്തുള്ളത് ആലത്തൂരിലാണ്. അഞ്ചു പേരാണ് ഇവിടെ സ്ഥാനാർഥികൾ.

പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായ ഇന്ന് വടകരയിലെ കോൺഗ്രസ് വിമതൻ അബ്ദുൾ റഹീം നാമനിർദേശ പത്രിക പിൻവലിച്ചു. തൃശൂരിൽ സ്വതന്ത്ര സ്ഥാനാർഥി കെ. ബി. സജീവും പത്രിക പിൻവലിച്ചു.

ഇടുക്കി മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർഥി മനേഷ് കഴിഞ്ഞ ദിവസം പത്രിക പിൻവലിച്ചിരുന്നു. മാവേലിക്കര മണ്ഡലത്തിൽ ഒരാളും പത്രിക പിൻവലിച്ചിട്ടുണ്ട്.

# ദാനമായി ലഭിച്ച സ്വർണവള വിറ്റ് 18 കുടുംബങ്ങൾക്ക് സഹായമെത്തിച്ചു

പെരുവ: ദാനമായി ലഭിച്ച സ്വർണവള വിറ്റു ലഭിച്ച പണമുപയോഗിച്ചു 18 കുടുംബങ്ങൾക്ക് സഹായമെത്തിച്ചു. ജോലിയിൽനിന്നു വിരമിക്കുന്ന സമയത്തു സഹപ്രവർത്തകർ സമ്മാനമായി നൽകിയ സ്വർണവള ബാങ്ക് ജീവനക്കാരി പെരുവയിലെ സൗഹൃദയ ചാരിറ്റബിൾ സൊസൈറ്റിക്കു കൈമാറിയിരുന്നു. ഈ വള വിറ്റു കിട്ടിയ പണമുപയോഗിച്ചാണ് പതിനെട്ട് കുടുംബങ്ങൾക്ക് സഹായമെത്തിച്ചത്. മുളക്കുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് ജീവനക്കാരിയായ മറ്റത്തിൽ ഷൈലകുമാരിയാണ് സർവീസിൽ നിന്നു വിരമിച്ച സമയത്ത് ബാങ്കിലെ ജീവനക്കാർ നൽകിയ പാരിതോഷികമായ ഒന്നേകാൽ പവൻ സ്വർണവള സൗഹൃദ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡൻറ് ടി. എം. സദനു കൈമാറിയത്. നിർധനരായ രോഗികളുടെ ചികിത്സയ്ക്കായി സ്വർണവള വിറ്റുകിട്ടുന്ന പണം മരുന്നുവണ്ടിയിൽ കൂടി വിതരണം ചെയ്യണമെന്ന് ഷൈല അറിയിച്ചിരുന്നു. ഇതനുസരിച്ചാണ് വള വിറ്റുകിട്ടിയ 60, 520 രൂപ 18 രോഗികൾക്ക് ചികിത്സാ സഹായമായി വിതരണം ചെയ്തത്. സൊസൈറ്റി വൈസ് പ്രസിഡൻറ് പി. ജയശങ്കർ സഹായ വിതരണം ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് ടി. എം. സദൻ, എൻ. ഒ. ബേബി, ശശികുമാർ മങ്ങാട്ട് എന്നിവർ പങ്കെടുത്തു.

# മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരേ ഫേസ്ബുക്ക് പോസ്റ്റ്: കണ്ണൂർ സ്വദേശിക്കെതിരേ കേസ്

കണ്ണൂർ: സാമൂഹ്യമാധ്യമം വഴി മുഖ്യമന്ത്രി പിണറായി വിജയനെയും കുടുംബത്തേയും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിന് കേസ്. കണ്ണൂർ സ്വദേശി കെ. പി. സുബ്രമണ്യനെതിരേയാണ് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ അജിത്ത്കുമാറിൻറെ നിർദേശത്തെത്തുടർന്ന് സൈബർ പോലീസ് കേസെടുത്തത്.

പ്രതിയുടെ ഫേസ്ബുക്ക് പ്രൊഫൈലിൽനിന്നും മുഖ്യമന്ത്രിക്കും മകൾ വീണക്കുമെതിരേ അപകീർത്തിയുണ്ടാക്കുന്ന തരത്തിൽ സന്ദേശം പ്രചരിപ്പിച്ച് സമൂഹത്തിൽ കലാപമുണ്ടാക്കുന്നതിനും പാർട്ടി അണികളിൽ പ്രകോപനം സൃഷ്ടിക്കുന്നതിനുമെതിരെയാണ് കേസെടുത്തത്.

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിൽ ശക്തമായ നിരീക്ഷണം നടത്തിവരുകയാണെന്ന് പോലീസ് പറഞ്ഞു.

# നരേന്ദ്ര മോദി ഭരണത്തിൽ ദളിത്, പിന്നാക്ക വിഭാഗങ്ങൾ ആശങ്കയിൽ: രമേശ് ചെന്നിത്തല

ഹരിപ്പാട്: ബിജെപിയും സംഘപരിവാറും ഭാരതത്തിലെ ദളിത്, പിന്നാക്ക വിഭാഗങ്ങളെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല. പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് കിട്ടിക്കൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പിൻവലിക്കുകയും ദളിത്, പിന്നാക്ക വിഭാഗങ്ങളെ ചുട്ടുകൊല്ലുകയും ചെയ്യുന്ന ഭരണകൂട ഭീകരതയാണ് നരേന്ദ്ര മോദിയും അമിത് ഷായും ചെയ്തു വരുന്നതെന്നുംരമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

കേരളത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംരക്ഷണം ഇല്ലാത്ത ഒരു ഗവൺമെൻറാണ് ഭരിക്കുന്നത്. ക്ലാസ് റൂമുകളിലും കോളജ് കാമ്പസുകളിലും ദളിത്, പിന്നാക്ക വിദ്യാർഥികൾ കേരളത്തിൽ ആക്രമിക്കപ്പെടുന്നു. ഇതിനെതിരേ ചെറുവിരൽ അനക്കാൻ പിണറായി ഗവൺമെൻറിന് കഴിയുന്നില്ലെന്നും ചെന്നിത്തല പറഞ്ഞു.

യുഡിഎഫ് സ്ഥാനാർഥി കെ. സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് പ്രചാരണ ഭാഗമായി ഹരിപ്പാട് നിയോജക മണ്ഡലം ദളിത് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ ജില്ലാ പ്രസിഡൻറ് ബിധു രാഘവൻ അധ്യക്ഷത വഹിച്ചു, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറ് കെ. കെ. സുരേന്ദ്രനാഥ, ദളിത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി രവിപുരത്ത് രവീന്ദ്രൻ, കെ. കെ. രാമകൃഷ്ണൻ, കെ. ബാബുക്കുട്ടൻ, രഘുവരൻ, പ്രസന്നകുമാരി, വാസുദേവൻ, ശ്രീദേവി, പുരുഷ ൻ, മധു ചെറുതന എന്നിവർ പങ്കെടുത്തു.

# കിണർ വൃത്തിയാക്കാൻ ഇറങ്ങിയ യുവാവ് ശ്വാസം മുട്ടി മരിച്ചു

കൊട്ടാരക്കര: വീട്ടിലെ കിണർ വൃത്തിയാക്കാൻ ഇറങ്ങിയ യുവാവ് ശ്വാസതടസമുണ്ടായി മരിച്ചു. നെടുവത്തൂർ പുതുവലിൽ പുത്തൻ വീട്ടിൽ നിസാമുദീൻ (38) ആണ് മരിച്ചത്. കഴിഞ്ഞ ദിവസം 11.30 ഓടെ ആയിരുന്നു സംഭവം. സുഹൃത്തുക്കളോടൊപ്പം സ്വന്തം വീട്ടിലെ

# പ്രചാരണത്തിൽ പൗരത്വ നിയമം മാത്രം മതിയെന്നാണ് മുഖ്യമന്ത്രിയുടെ നിലപാട്: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: പാനൂരിൽ ബോംബ് നിർമിച്ചത് സിപിഎമ്മുകാരെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. മരിച്ചയാളുടെ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്തത് സിപിഎമ്മുകാരാണ്. സ്ഫോടനത്തിൽ പരിക്കേറ്റത് സിപിഐമ്മുകാർക്കാണെന്നും സതീശൻ പറഞ്ഞു.

ആഭ്യന്തരമന്ത്രിക്കസേരയിൽ ഇരുന്നുകൊണ്ട് മുഖ്യമന്ത്രി ഇത്തരം വൃത്തികേടുകളെ പ്രോത്സാഹിപ്പിക്കുകയാണ്. മുഖ്യമന്ത്രിക്ക് ഭയമാണ്. ഉമ്മൻ ചാണ്ടിയെ അപമാനിക്കാൻ സിബിഐയെ കൊണ്ടുവന്നയാളാണ് പിണറായി വിജയനെന്നും സതീശൻ വിമർശിച്ചു.

തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പൗരത്വ നിയമം മാത്രം അജണ്ടയായി മതിയെന്നാണ് മുഖ്യമന്ത്രിയുടെ നിലപാട്. പൗരത്വ വിഷയത്തിൽ മുഖ്യമന്ത്രിക്ക് ആത്മാർത്ഥതയില്ല.

വിഷയത്തിൽ മുഖ്യമന്ത്രിക്ക് കാപട്യമാണെന്ന് പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

കേരളത്തെ ദയാവധത്തിനാണ് സിപിഎം വിട്ടു നൽകുന്നത്. തെരഞ്ഞെടുപ്പിൽ ജയിക്കാനാകില്ലെന്ന് കണ്ടപ്പോൾ ബിജെപിയുമായി ധാരണയുണ്ടാക്കുകയാണ് സിപിഎം. കോൺഗ്രസ് അധികാരത്തിൽ വന്നാൽ പൗരത്വ നിയമം പിൻവലിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എസ്ഡിപിഐ പിന്തുണ അടഞ്ഞ അധ്യായമാണ്. എല്ലാവരുടെ വോട്ടും വേണമെന്നേ എല്ലാ സ്ഥാനാർഥികളും പറയൂ. യുഡിഎഫ് നിലപാട് വ്യക്തമാണെന്നും വി. ഡി. സതീശൻ അറിയിച്ചു.

# കടലാക്രമണ പ്രദേശങ്ങളിൽ വൻ നാശനഷ്ടം, തിരിഞ്ഞുനോക്കാതെ അധികൃതർ

തുറവൂർ: കഴിഞ്ഞ ഈസ്റ്റർ ദിനത്തിലുണ്ടായ ശക്തമായ കടലാക്രമണത്തിൽ തീരപ്രദേശങ്ങളിൽ വൻ നാശനഷ്ടമാണ് ഉണ്ടായത്. ഒട്ടനവധി വീടുകളിലെ ഉപകരണങ്ങൾ നശിക്കുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. വീടുകൾക്കും കേടുപാടുകൾ സംഭവിച്ചു. പല പ്രദേശങ്ങളിലും ചെളിയും മാലിന്യങ്ങളും ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ശക്തമായ കടലാക്രമണത്തെത്തുടർന്ന് പ്രദേശത്തെ സെപ്റ്റിടാങ്കുകൾ പൊട്ടി മലിനജലം പ്രദേശം മുഴുവൻ വ്യാപിക്കുകയും ചെയ്തു. ഇത്രയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടും സർക്കാരിൻറെ ഭാഗത്തുനിന്നു യാതൊരുവിധ നടപടിയും ഉണ്ടാകാത്തത് തീരദേശത്ത് പ്രതിഷേധത്തിനിടയാക്കി. പള്ളിത്തോട് റോഡ് മുക്കാലിൽ തന്നെ ഇരുപതോളം വീടുകൾക്കു കേടുപാടുകൾ സംഭവിക്കുകയും നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തു. വീടുകളിലെ ഇലക്ട്രോണിക് സാധനങ്ങൾക്കും നാശനഷ്ടം സംഭവിച്ചു. വീട്ടുപകരണങ്ങൾ പലതും ശക്തമായ കടലാക്രമണത്തിൽ ഒഴുകിപ്പോയി. കുട്ടികൾ പഠിക്കുന്ന ബുക്ക്, യൂണിഫോം, മറ്റു വസ്ത്രങ്ങൾ എന്നിവയും കടലാക്രമണത്തിൽ നശിച്ചു. ഇപ്പോഴും പ്രദേശത്ത് മാലിന്യങ്ങൾ കെട്ടിക്കിടന്നിട്ടും പഞ്ചായത്ത് അധികൃതരോ ആരോഗ്യവകുപ്പോ ഈ പ്രദേശത്തേക്ക് തിരിഞ്ഞുനോക്കുന്നില്ല.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം എന്ന പേരിലാണ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇവിടെനിന്ന് മുഖംതിരിച്ച് നിൽക്കുന്നത്.

ജനങ്ങൾ ദുരിതം അനുഭവിക്കുമ്പോഴും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൻറെ പേരിൽ നീതി നിഷേധിക്കുന്നതിൽ പ്രദേശവാസികൾക്ക് പ്രതിഷേധമുണ്ട്. അടിയന്തരമായി പ്രദേശത്ത് ബ്ലീച്ചിംഗ് പൗഡർ എങ്കിലും എത്തിക്കാനുള്ള നടപടി പഞ്ചായത്ത് അധികൃതരും ആരോഗ്യവകുപ്പും സ്വീകരിക്കണമെന്ന ആവശ്യം ശക്തമാണ്.

# കിണറിൽ അകപ്പെട്ടയാളെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി

തൊടുപുഴ: വൃത്തിയാക്കുന്നതിനിടെ കിണറിനുള്ളിൽ അകപ്പെട്ടയാളെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി. നാകപ്പുഴ തട്ടാംപറമ്പിൽ വിജയൻ (62) ആണ് കിണറിനുള്ളിൽ അപകടത്തിൽപ്പെട്ടത്. ഇന്നലെ രാവിലെ ഒന്പതോടെയായിരുന്നു സംഭവം. പാറക്കടവിന് സമീപം പുത്തൻപുരയ്ക്കൽ സുദർശൻ എന്നയാളുടെ പുരയിടത്തിലെ കിണർ വൃത്തിയാക്കാൻ എത്തിയതായിരുന്നു.

കിണറിൽ ഓക്സിജൻ ലഭിക്കാതെ വന്നതോടെ വിജയൻ അവശനായി. കയറിൽ പിടിച്ച് മുകളിലേക്ക് കയറുന്നതിനിടെ വീണ്ടും കിണറ്റിലേക്ക് വീഴുകയായിരുന്നു. തൊടുപുഴ അഗ്നിരക്ഷാ സേനയെത്തി കിണറ്റിലിറങ്ങി ഇയാളെ രക്ഷപ്പെടുത്തുകയായിരുന്നു. വീഴ്ചയിൽ ചെറിയ പരിക്കേറ്റ വിജയനെ വെങ്ങല്ലൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്റ്റേഷൻ ഓഫീസർ അബ്ദുൾ സലാം, അസി. സ്റ്റേഷൻ ഓഫീസർ കെ. എ. ജാഫർഖാൻ, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ ജൂബി തോമസ്, ജിനീഷ്കുമാർ, അഭിലാഷ്, ടി. കെ. വിവേക്, പി. എൻ. അനൂപ്, പി. ടി. ഷാജി, അനിൽകുമാർ എന്നിവരടങ്ങിയ സംഘമാണ് രക്ഷാപ്രവർത്തനം നടത്തിയത്.



ഡോ. ടി. എം തോമസ് ഐസക്കിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പത്തനംതിട്ടയിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സ്ഥാനാർഥിയുടെ കൈ ഉയർത്തി അഭിസംബോധന ചെയ്യുന്നു

